നമ്പർ.400828/PSAN04/General/2024/2541/(1)

അകത്തേത്തറ ഗ്രാമ പഞ്ചായത്ത് ആഫീസ്

അകത്തേത്തറ
അകത്തേത്തറ.പി.ഓ
പാലക്കാട്
Phone No:04912555171
E-mail:ddpakathetharapkd@gmail.com

തീയതി : 18/05/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ കെ സതീഷ് കുമാർ
ഇൻറേണൽ വിജിലൻസ് ഓഫീസർ,ജോയിൻറ് ഡയറകടറുടെ കാര്യാലയം,പാലക്കാട്

സർ,

വിഷയം:- അകത്തേത്തറ ഗ്രാമപഞ്ചായത്ത്-ശ്രീ.സുനിൽപോൾ എന്നവരുടെ പാർക്കിംഗ് ഏരിയയുമായി ബന്ധപ്പെട്ട പരാതി-വിശദമായ റിപ്പർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- അങ്ങയുടെ കാര്യാലയത്തിലെ 14/05/2024 തിയതിയിലെ LSGD/JD/PKD/6384/2023-12 നമ്പർ കത്ത്.

മേൽ വിഷയം സംബന്ധിച്ച് സൂചന പ്രകാരമുള്ള അങ്ങയുടെ കത്തിനുള്ള മറുപടി താഴെ ചേർക്കുന്നു.

പരാതിക്കാരനായ ശ്രീ.സുനിൽപോൾ എന്നവരുടെ ഉടമസ്ഥതയിലുള്ള ഒരു ഫ്ലാറ്റ് അടക്കം ആറ് ഫ്ലാറ്റുകളും ഒരു ഓഫീസ് മുറിയും ഷട്ടർ ഉൾപ്പെടെയുള്ള ഒരു പാർക്കിംഗ് ഏരിയയും മറ്റൊരു പാർക്കിംഗ് ഏരിയയും ചേർന്നിട്ടുള്ള ബഹുനില കെട്ടിടം ,2011 ബിൽഡിംഗ് റൂൾ വരുന്നതിനു മുമ്പുള്ള കെട്ടിട നിർമ്മാണ ചട്ടപ്രകാരം 21/02/2009 തിയതിയിലെ ബി എൽ നമ്പർ 259/2008-09 നമ്പർ പെർമിറ്റ് അനുവദിച്ചത് പ്രകാരമാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. 2011 ബിൽഡിംഗ് റൂൾ വരുന്നതിനു മുമ്പുള്ള കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഏരിയയാണ് ഈ ഓഫീസിൽ നിന്നും അനുവദിച്ച പെർമിറ്റിൽ കാണുന്നത്.460.03 ച.മീ.അളവിൽ നിർമ്മാണം പൂർത്തീകരിച്ചുനൽകിയ കംപ്ലീഷൻ പ്ലാൻ പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ ശ്രീ.ഭഗവതീശ്വരൻറെ പേർക്കാണ് പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുള്ളത്.പിന്നീട് ശ്രീ.ഭഗവതീശ്വരൻ ബഹുനില കെട്ടിടത്തിലെ ഓരോ ഫ്ലാറ്റും ഓഫീസ് മുറിയും മറ്റുപല വ്യക്തികൾക്ക് വിൽപ്പന നടത്തിയതായി പഞ്ചായത്ത് രേഖകൾ പരിശോധിച്ചതിൽ നിന്നും

ബോധ്യപ്പെട്ടിട്ടുണ്ട്.

ശ്രീ.സുനിൽ പോൾ എന്നവർ കാർപ്പാർക്കിംഗ് സംബന്ധിച്ച് സ്ഥലത്ത് വ്യക്തിവൈരാഗ്യത്തെ തുടർന്നുള്ള തർക്കം നടന്നതിനെ തുടർന്നാണ് ടിയാൻ ഫ്ലാറ്റിൻെറ പെർമിറ്റും ,പാർക്കിംഗ് ഏരിയക്കുള്ള സംവിധാനമെങ്ങനെയെന്നും ആവശ്യപ്പെട്ടുകൊണ്ട് മുമ്പ് ഈ ഓഫീസിൽ പരാതി സമർപ്പിച്ചിരുന്നത്.ആയതിൻെറ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും ഈ ഓഫീസിലുള്ള രേഖാപ്രകാരം മറുപടി നൽകുകയും ടിയാൻ വിവരാവകാശ നിയമപ്രകാരവും മറ്റും ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത ബഹുനില കെട്ടിടം സംബന്ധിച്ച് ഈ ഓഫീസിലുള്ള എല്ലാ രേഖാപകർപ്പുകളും അദ്ദേഹത്തിന് നൽകുകയും ചെയ്തിട്ടുള്ളതാണ്.മാത്രമല്ല ശ്രീ.സുനിൽപോൾ എന്നവർ പാർക്കിംഗ് ഏരിയക്കുള്ള സ്ഥലം വാങ്ങിയിട്ടില്ലെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ഈ ബഹുനില കെട്ടിടത്തിലെ ഷട്ടറിട്ട പർക്കിംഗ് ഏരിയയിൽ അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനം ടിയാൻെറ പരാതിയിന്മേലുള്ള നടപടികളുടെ ഭാഗമായി പ്രവർത്തനരഹിതമാക്കിയിട്ടുമുണ്ട്.കെ പി ബി ആർ ആക്ടിന് പുറത്തുള്ള പരാതികൾക്ക് ബന്ധപ്പെട്ടിട്ടുള്ള പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിക്കേണ്ടതാണെന്ന് ടിയാന് മറുപടിയും നൽകിയിട്ടുണ്ട് എന്ന് അങ്ങയെ ബോധിപ്പിക്കുന്നു. ഇതോടൊപ്പം അറ്റാച്ച് ചെയ്തിട്ടുള്ള പെർമിറ്റ് പ്ലാനിൽ പ്രസ്തുത പാർക്കിംഗ് ഏരിയ രേഖപ്പെടുത്തിയിട്ടുണ്ട് എന്നുമുള്ള വിവരങ്ങൾ അങ്ങയെ ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

പ്രീത പി വി
സെക്രട്ടറി

Signature Not Verified
Digitally signed by PREETHA
Date: 2024.05.18 12:48:34 IST
Reason: ILGMS Govt. of kerala